**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1719

31.01.18 - ൽ മറുപടിക്ക്.

## ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങൾ, ഘടന എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) സംസ്ഥാനത്ത് ദ്രുതഗതിയിൽ നടക്കുന്ന നഗരവൽക്കരണത്തിന്റെ ഫലമായി ഉണ്ടാകുന്ന മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനായി സംസ്ഥാനത്തെ നഗരങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും അതുവഴി ആരോഗ്യരംഗത്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് പ്രധാന ലക്ഷ്യം. സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും, ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്നതും പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.<br>ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, സെക്രട്ടറി, ഫിനാൻസ് (എക്സ്പെൻഡിച്ചർ), സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ്, ഡയറക്ടർ, അർബൻ അഫയേഴ്സ്, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, ചെയർമാൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, പ്രസിഡന്റ്, മേയേഴ്സ്ഫോറം, മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി എന്നിവർ അംഗങ്ങളായുള്ള ഡയറക്ടർബോർഡാണ് ക്ലീൻ കേരള കമ്പനിക്കുള്ളത്. |

| | |
|---|---|
| (ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ തലത്തിൽ സ്വീകരിക്കുന്നത്; | (ബി) & (സി) എല്ലാ മൂന്ന് മാസത്തിലും ഒരിക്കൽ ഡയറക്ടർ ബോർഡ് ചേരാറുണ്ട്. കൂടാതെ കമ്പനിയുടെ പ്രവർത്തനങ്ങൾ സെക്രട്ടറി തലത്തിൽ എല്ലാ മാസവും റിവ്യൂ ചെയ്യാറുണ്ട്. ഹരിതകേരളം മിഷൻ ഉപമിഷൻ എന്ന നിലയിൽ ഹരിതകേരളം മിഷൻ തലത്തിലും അവലോകനങ്ങൾ നടത്തുന്നുണ്ട്. |
| (സി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കാലാകാലങ്ങളിലുള്ള അവലോകന യോഗങ്ങൾക്ക് പുറമെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ